## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 748 — 17.7.2012-ന് മറുപടിക്ക്

### മാലിന്യം പായ്ക്കറ്റിലാക്കി സൂക്ഷിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. റ്റി. ബൽറാം<br>,, വി. പി. സജീന്ദ്രൻ<br>,, ലൂഡി ലൂയിസ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും<br>വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്തെ കോർപ്പറേഷനുകളിൽ മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതുവരെ മാലിന്യം പായ്ക്കറ്റുകളിലാക്കി സൂക്ഷിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | എ) രൂപം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്തെ സിറ്റി കോർപ്പറേഷനുകളിൽ നിലവിലുള്ള മാലിന്യ സംസ്ക്കരണ പ്ലാന്റുകളിൽ പല കാരണങ്ങളാലും ഇപ്പോൾ ഫലപ്രദമായി മാലിന്യ സംസ്ക്കരണം നടത്തപ്പെടുന്നില്ല. ഇതിന്റെ ഫലമായി ഉല്പാദിപ്പിക്കപ്പെടുന്ന മാലിന്യങ്ങളിൽ ഭൂരിഭാഗവും സിറ്റിയുടെ പല ഭാഗങ്ങളിലും കുന്നുകൂടി കിടക്കുകയാണ്. ശാസ്ത്രീയമായി സംസ്ക്കരിക്കുവാനുള്ള സംവിധാനങ്ങളുടെ അപര്യാപ്തത മൂലം ഇവ നിർമ്മാർജ്ജനം ചെയ്യേണ്ടതുണ്ട്. ആയതിനാൽ ഇവിടങ്ങളിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റ് പ്രവർത്തനം ആരംഭിക്കുന്നതുവരെ ബെയിലിംഗ് സിസ്റ്റം ഉപയോഗിച്ച് മാലിന്യം ബണ്ടിലുകളാക്കി സൂക്ഷിക്കുന്നതിന് നടപടി എടുത്തു വരുന്നു. ആധുനിക മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കപ്പെട്ടു കഴിയുമ്പോൾ അവയിൽ ഈ ബണ്ടിലുകൾ സംസ്ക്കരിക്കുക എന്നതാണ് ലക്ഷ്യം. |

| | | | |
|---|---|---|---|
| ബി) | ഏതെല്ലാം ഏജൻസിയുടെ സഹായത്തോടെയാണ് ഇത് നടപ്പാക്കുന്നത്; | ബി) | നടപടി ക്രമങ്ങൾ പൂർത്തിയായിട്ടില്ല. |
| സി) | ഇതിനുള്ള തുക എവിടെ നിന്നാണ് കണ്ടെത്തുന്നത്; | സി) | KSUDP-യുടെ വാർഷിക പദ്ധതിയിൽ നിന്ന് 30 കോടി രൂപയും തൃശൂർ കോർപ്പറേഷന്റെ ലാലൂർ മോഡൽ മാലിന്യ സംസ്ക്കരണത്തിലേക്കായി മാറ്റി വച്ചിരുന്ന തുകയിൽ നാളിതുവരെ ചെലവഴിക്കാത്ത തുകയും കൂടി ചേർത്ത് ഈ പദ്ധതിക്കു വേണ്ടി ചെലവഴിക്കാനാണ് നടപടി എടുത്തു വരുന്നത്. |
| ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | ഡി) | ബെയിലിംഗ് സർവ്വീസ് നൽകുന്നതിന് തയ്യാറുള്ള ഏജൻസികളിൽ നിന്നും ദർഘാസ് ക്ഷണിക്കാനുള്ള അനുമതി ശുചിത്വ മിഷന് സർക്കാരിൽ നിന്നും നൽകിയിട്ടുണ്ട്. ഇപ്രകാരം സേവനം നൽകാൻ തയ്യാറായി വരുന്ന ഏജൻസികളിൽ നിന്നും ദർഘാസ് ശുചിത്വ മിഷൻ ക്ഷണിച്ചിരുന്നു. ദർഘാസ് സമർപ്പിക്കാനുള്ള അവസാന തീയതി 9.07.2012-ൽ ആയിരുന്നു. അപ്രകാരം ലഭിച്ച ദർഘാസുകൾ ഒരു സാങ്കേതിക സമിതി വിലയിരുത്തും. തുടർന്ന് ഒരു സാമ്പത്തിക സമിതി കൂടി അവ വിലയിരുത്തി അവരുടെ ശുപാർശയുടെയടിസ്ഥാനത്തിൽ മേൽ നടപടികൾ സ്വീകരിക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ